LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 മാർച്ച് 22, ചൊവ്വ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 26

നിയമസഭ 2005 മാർച്ച് മാസം 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ചോദ്യം നമ്പർ.....561

പാരമ്പര്യേതര വൈദ്യുതി മേഖലയിലെ സ്വകാര്യ സംരംഭകർ

*1 [561] ശ്രീ. ലൂഡി ലൂയിസ്:

„ ഡി. സുഗതൻ:

„ കെ. മോഹൻകുമാർ:

„ എ. സുജനപാൽ:

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജി, ബയോ എനർജി, കാറ്റ് എന്നിവയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സ്വകാര്യ സംരംഭകരെ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഏതെങ്കിലും സ്വകാര്യ സംരംഭകർ ഇതിനു തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ടോ;

(സി) പ്രസ്തുത സ്വകാര്യ സംരംഭകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സ്വകാര്യ സംരംഭകരെ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സ്വകാര്യ ഉൽപ്പാദകരെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ ചേർത്തിരിക്കുന്ന നടപടികളെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

1. സർക്കാർ ഭൂമി 20 വർഷത്തേക്ക് പാട്ടമായി നൽകുന്നതാണ്.

2. സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ വാങ്ങുന്നതിന് ആവശ്യമായ എല്ലാ സഹായങ്ങളും സർക്കാർ/അനർട്ട് നൽകുന്നതാണ്.

3. വൈദ്യുതി പ്രസരണത്തിനായി സബ്സ്റ്റേഷനുകൾ, സബ്സ്റ്റേഷനുകളിൽ നിന്നുള്ള പ്രസരണ ശൃംഖലകൾ എന്നിവ അനർട്ട് നിർമ്മിച്ചു നൽകുന്നതാണ്. ഇതിന് ആവശ്യമായി വരുന്ന തുകയുടെ 50 ശതമാനം സംരംഭകരിൽ നിന്ന് അലോട്ട്മെന്റ് സമയത്ത് ഈടാക്കുന്നതും ബാക്കി 50 ശതമാനം ആദ്യം അനർട്ട് വഹിക്കുന്നതും വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം തുടങ്ങുമ്പോൾ സംരംഭകരിൽ നിന്നും ഈടാക്കുന്നതുമാണ്.

4. നിലവിലുള്ള സബ്സ്റ്റേഷനുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ആവശ്യമായ ചെലവ് ആദ്യം അനർട്ട് വഹിക്കുകയും പിന്നീട് സംരംഭകരിൽ നിന്നും ഈടാക്കുന്നതുമാണ്.

5. പൂളിംഗ് സബ്സ്റ്റേഷന്റേയോ പ്രസരണ ലൈനിന്റേയോ ഓപ്പറേഷൻ/മെയിന്റനൻസ് കോസ്റ്റ് ആദ്യം അനർട്ട് വഹിക്കുകയും പിന്നീട് അത് സംരംഭകരിൽ നിന്നും ഈടാക്കുന്നതുമാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, വൈദ്യുതി മേഖല വികസിപ്പിക്കുന്നതിലൂടെയും വൈദ്യുതി ഉൽപ്പാദനം സ്വകാര്യ സംരംഭകർക്ക് ഏൽപ്പിച്ചു കൊടുക്കുന്നതിലൂടെയും ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന വൈദ്യുതി പ്രശ്നത്തിന് പരിഹാരം കാണുന്നതിനും വൈദ്യുതി ബോർഡിന്റെ നഷ്ടം കുറയ്ക്കുന്നതിനും കഴിയുമോ എന്നുള്ളതിനെക്കുറിച്ച് എന്തെങ്കിലും പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ;

ശ്രീ. ആര്യാടൻ മുഹമ്മദ്: നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നത് വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം ലാഭകരമാണ്. വളരെ ചുരുങ്ങിയ റേറ്റിലാണ് ബോർഡ് വൈദ്യുതി വിൽക്കുന്നത്. നാലു രൂപ

LIBRARY ARCHIVES Kerala Legislative Assembly

പതിനാല് പൈസയോളം ഒരു യൂണിറ്റ് ഉൽപ്പാദിപ്പിക്കാൻ ബോർഡിന് ചെലവ് വരുന്നുണ്ട്. അത് മൂന്ന് രൂപ ഒമ്പത് പൈസയ്ക്കാണ് ബോർഡ് വിൽക്കുന്നത്. അതുകൊണ്ട് ഏകദേശം ഒരു ഉറുപ്പികയിൽപ്പരം ബോർഡിന് നഷ്ടം വരുന്നുണ്ട്. ആ നഷ്ടം ഇതുപോലെ സ്വകാര്യ മേഖലയിലും ഉൽപ്പാദനം നടത്തുകയാണെങ്കിൽ ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. അതിനു പുറമെ സംസ്ഥാനത്ത് പവറിന്റെ കുറവ് നികത്താനും ഇതുമൂലം സാധിക്കും.

<u>ശ്രീ. ലൂഡി ലൂയിസ്:</u> അനർട്ടിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സോളാർ വില്ലേജ് ഇലക്ട്രിഫിക്കേഷൻ പ്രോജക്ടിന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന കാര്യം വിശദമാക്കാമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സോളാറിനെ സംബന്ധിച്ചിടത്തോളം ഇന്ന് ചില സ്ഥലങ്ങളിൽ അതിനുവേണ്ടിയുള്ള നടപടികൾ അനർട്ട് എടുത്തിട്ടുണ്ട്. നമ്മുടെ ഷെഡ്യൂൾഡ് കാസ്റ്റ് മേഖലയിലും ഷെഡ്യൂൾഡ് ട്രൈബ് മേഖലയിലും ഏകദേശം 13,000-ൽ പരം വീടുകൾക്ക് അനർട്ട് ഇന്ന് കണക്ഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ഡി. സുഗതൻ:</u> കെ.എസ്.ഇ.ബി.-ക്ക് സാങ്കേതികമായി വൈദ്യുതി എത്തിക്കാൻ കഴിയാത്ത മേഖലകളുണ്ട്. ഉദാഹരണത്തിന് എന്റെ നിയോജക മണ്ഡലത്തിലെ പുറക്കാട്, അവിടെ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. കടൽഭിത്തിക്ക് പടിഞ്ഞാറുവശം കിലോമീറ്ററുകളോളം കടൽ കരയുണ്ട്. അവിടെ ആൾത്താമസം ഉണ്ട്. ആ സ്ഥലങ്ങളൊന്നും റവന്യൂ റിക്കാർഡിൽ വരുന്നില്ല. അതുകൊണ്ട് കെ.എസ്.ഇ.ബി.-ക്ക് അവിടെ വൈദ്യുതി എത്തിക്കാൻ കഴിയുന്നില്ല. ആ വീടുകളിൽ വൈദ്യുതി കൊടുക്കാൻ വേണ്ടി അനർട്ട് ഒരു വലിയ പദ്ധതി തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവരെ അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ആ കാര്യം അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഇതുപോലെയുള്ള സ്ഥലങ്ങളിൽ, മത്സ്യബന്ധന മേഖലകളിലും അതുപോലെ മലയോര മേഖലകളിലുമെല്ലാമാണ് non-conventional energy നൽകാനുള്ള ശ്രമങ്ങൾ അനർട്ട് നടത്തി വരുന്നത്. ഈ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുള്ള പദ്ധതിയാണ്. ഇതിൽ ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി ചെയ്യും.

<u>ശ്രീ. ഡി. സുഗതൻ:</u> അനർട്ട് വിതരണം ചെയ്യുന്ന ഉപകരണങ്ങൾ പലതും വിലകൂടിയതും സ്വകാര്യ മേഖലയിൽ ഉണ്ടാക്കുന്നതുമാണ്. അത് പരിഗണിച്ചു കൊണ്ട് പൊതുമേഖലയിൽ അത്തരത്തിലുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് റിസർച്ച് നടത്തി അത് ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇത് പബ്ലിക് സെക്ടറിൽ ഉണ്ടാക്കുന്നത് ലാഭകരമാണോ അല്ലയോ എന്നുള്ളതിനെക്കുറിച്ച് പഠിച്ചിട്ടില്ല. പക്ഷേ നമ്മുടെ പല അനുഭവത്തിലും കോസ്റ്റ് കൂടുന്നതായിട്ടാണ് കാണുന്നത്. ഏതായാലും ഈ കാര്യം ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് എന്താണ് ചെയ്യാൻ കഴിയുക എന്ന് ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. കെ. മോഹൻകുമാർ: വിൻഡ് വെലോസിറ്റിയെ സംബന്ധിച്ച ദേശീയ പഠനങ്ങളിൽ ഏഴാം സ്ഥാനത്ത് നിൽക്കുന്ന തമിഴ്നാട്ടിലെ ആരുവാമൊഴിയിൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ട് 10 വർഷങ്ങളായിട്ടും വിൻഡ് വെലോസിറ്റിയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിലെ രാമക്കൽമേട്ടിൽ തമിഴ്നാട് അതിന്റെ പാർശ്വപ്രദേശങ്ങളിൽ വൈദ്യുതി ഉൽപ്പാദനത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടും എന്തോ ചില തടസ്സങ്ങളുടെ പേരിൽ ഇവിടെ വൈദ്യുതി ഉൽപ്പാദനം മുടങ്ങുകയാണ്. കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് 60 ശതമാനത്തോളം തുക കേന്ദ്ര ധനസഹായം ലഭ്യമായിരിക്കേ രാമക്കൽമേട്ടിലെ പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: രാമക്കൽമേട്ടിലെ പദ്ധതി ഏകദേശം ടെൻഡർ ചെയ്തു. നാല് കമ്പനികൾ വന്നു. രണ്ട് കമ്പനികളെ സെലക്ട് ചെയ്തുകഴിഞ്ഞു. പ്രീ കാളിഫിക്കേഷന്റെ ബാക്കിയുള്ള നടപടികൾ അടിയന്തിരമായി തീർക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി ഇപ്പോൾ ഇല്ല. നേരത്തെ ഉണ്ടായിരുന്നു. ഏതായാലും രാമക്കൽമേട്ടിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വളരെയധികം സാധ്യതയുള്ള സ്ഥലമാണ്. ഇൻഡ്യയിൽ തന്നെ വളരെ സാധ്യതയുള്ള സ്ഥലമാണ്. അത് ഉടൻതന്നെ നടപ്പാക്കാൻ, ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ കമ്മീഷൻ ചെയ്യുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്.

ശ്രീ. കെ. മോഹൻകുമാർ: പത്താം പദ്ധതിയുടെ മൂന്നാം വാർഷിക പരിപാടികളിൽ എനർജി മാനേജ്മെന്റ് സെന്ററിന് ഈ മേഖലയിലെ പ്രവർത്തനങ്ങൾക്കായി ഏതാണ്ട് 75 ലക്ഷത്തോളം രൂപ വകയിരുത്തിയിരിക്കുന്നതായി വായിക്കാൻ സാധിച്ചു. അതുകൊണ്ട് കെ.എസ്.ഇ.ബി.-യുടെ ഏതാനും വൈദ്യുതി ഭവനുകളിൽ Auto voltage cell സ്ഥാപിക്കുന്നതിനായി ഏതാണ്ട് ആറുകോടി രൂപയോളം വകയിരുത്തിയിട്ടുണ്ട്. ഇങ്ങനെ പത്താം പദ്ധതിയുമായി ബന്ധപ്പെട്ട് വളരെ കാര്യങ്ങൾക്ക് തുക നിക്ഷേപിച്ച ശേഷവും ഈ മേഖലയിൽ കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല എന്നാണ് പഠനങ്ങളും നിരീക്ഷണങ്ങളും വ്യക്തമാക്കുന്നത്. ഈ കാര്യത്തിൽ ഗവൺമെന്റ് ഊർജ്ജിത നടപടി സ്വീകരിക്കുകയും തിരുവനന്തപുരം ജില്ലയിലെ പൊൻമുടി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വൈദ്യുതി ഉൽപ്പാദനത്തിനുള്ള പദ്ധതികൾക്ക് അനുവാദം വാങ്ങി നൽകുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: പത്താം പദ്ധതിയുൾപ്പെടെയുള്ള കാര്യങ്ങളെ കുറിച്ച് വലിയ പ്രയാസമില്ല. ജനറേഷൻ പോലെയുള്ള കാര്യങ്ങളിലെ പ്രയാസമുള്ളൂ. ഇക്കാര്യം പൂർണ്ണമായും ഇ.എം.സി.-ലും അതുപോലെ ബോർഡിലും സാധിക്കും. അതു ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പൊൻമുടിയുടെ കാര്യം പരിശോധിച്ച് അവിടെ വിൻഡ് മിൽ സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇപ്പോൾ തന്നെ നമ്മുടെ ഒരു പഠനം നടത്തിയതിൽ ഇൻഡ്യാ ഗവൺമെന്റിന്റെ non-conventional energy വിഭാഗവും നമ്മുടെ അനർട്ടും കൂടി നടത്തിയിട്ടുള്ള പഠനത്തിൽ 16 സ്ഥലങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്. ആ 16 സ്ഥലങ്ങളിൽ ഏകദേശം 605 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള വിൻഡ് മില്ലുകൾ തുടങ്ങാൻ കഴിയും എന്നാണ് ഇപ്പോൾ മനസ്സിലാക്കിയിരിക്കുന്നത്. അതിൽ എത്രത്തോളം ചെയ്യാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ച് അതിനുള്ള നടപടി സർക്കാർ എടുത്തുവരികയാണ്.

ശ്രീ. എ. സുജനപാൽ: ഈയിടെ ഇവിടെ നടത്തിയ ഒരു പഠനത്തിൽ കശുവണ്ടിത്തോടിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.-ലും അതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചത്. ആ പഠനത്തെ സംബന്ധിച്ച് എന്തെങ്കിലുമൊരു തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ടോ, ആ കാര്യത്തിൽ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: കശുവണ്ടിത്തോടിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ "പൂമാ" എന്നുപറയുന്ന കമ്പനിയുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. അതിന് എഗ്രിമെന്റ് ആയിട്ടുണ്ട്. ബാക്കിയുള്ള നടപടികളൊന്നുമായിട്ടില്ല. ആ നടപടികൾ തുടരാനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തിവരികയാണ്.

ശ്രീ. എ. സുജനപാൽ: കേന്ദ്രഗവൺമെന്റിന്റെ non-conventional energy-യുടെ പ്രവർത്തനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ ആ ഏജൻസി എല്ലാ സംസ്ഥാനങ്ങളിലും നിരവധി പഠനങ്ങൾ നടത്തുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചത്. കേരളത്തിൽ അത്തരം എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ആ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികളെന്തെങ്കിലും തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: അതാണ് ഞാൻ പറഞ്ഞത് ഇതിനെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. 16 സ്ഥലങ്ങൾ identify ചെയ്തിട്ടുണ്ട്. ആ 16 സ്ഥലങ്ങളിൽ 605 മെഗാവാട്ട് ഉൽപ്പാദനശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തിവരികയാണ്. അതിന്റെ ഭാഗമായിട്ട് രാമക്കൽമേട് ടെണ്ടർ ചെയ്തുകഴിഞ്ഞു. അതിന്റെ ബാക്കിയുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യും. ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനുമുമ്പുതന്നെ അതിന്റെ പ്രവർത്തനം ഏതായാലും തുടങ്ങും, കമ്മീഷൻ ചെയ്യാൻ കഴിയുമോ എന്നാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഡോ. തോമസ് ഐസക്: കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാര്യം രണ്ടു പതിറ്റാണ്ടുകൾക്കുമുമ്പ് നമ്മൾ പറഞ്ഞുതുടങ്ങിയതാണ്. ഇപ്പോൾ 16 കേന്ദ്രങ്ങളിൽ നിന്നും 605 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശേഷി കേരളത്തിനുണ്ടെന്നു പറഞ്ഞു. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട് ഇക്കാര്യത്തിൽ വളരെ മുന്നോട്ടു പോയപ്പോൾ കേരളത്തിൽ ഇപ്പോഴും വാണിജ്യാടിസ്ഥാനത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നതു സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചിട്ടുണ്ടോ? അങ്ങ് ഇന്ന് ചോദ്യത്തിനുത്തരമായി നൽകിയ പ്രോത്സാഹന നയങ്ങൾ ഈ പ്രതിബന്ധങ്ങളെ മറികടക്കുന്നതിന് പര്യാപ്തമാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതിൽ കൂടുതലൊന്നും നമുക്ക് ചെയ്യാൻ സാധിക്കില്ല. സ്വകാര്യ മേഖലയെ വിളിച്ചുവരുത്തി അവർ ആവശ്യപ്പെടുന്നതു മുഴുവനും നൽകുക എന്നത് ഗവൺമെന്റിന്റെ ഒരു നയവുമല്ല. എന്നാൽ അതേയവസരത്തിൽ ഇത് പ്രോത്സാഹിപ്പിക്കാൻ നമുക്ക് ചെയ്യാൻ കഴിയുന്നത് പരമാവധി ചെയ്യുക എന്നുള്ളതാണ്. ഏതായാലും അങ്ങയുടെ നിർദ്ദേശം പരമാവധി പരിഗണിച്ച് ചെയ്യാൻ കഴിയുന്ന കാര്യം ചെയ്യാമെന്നുമാത്രം ഞാൻ പറയുന്നു. രണ്ടാമത് ഇവിടെ അദ്ദേഹം പറഞ്ഞത് നമ്മൾ തുടങ്ങിയ സ്ഥലത്തു തന്നെ നിൽക്കുന്നുവെന്നാണ്, അത് വളരെ ശരിയാണ്. നമ്മൾ എത്രയോ നേരത്തെ തുടങ്ങിയതാണ്, നമ്മുടേത് ഇന്നും രണ്ട് മെഗാവാട്ടുള്ള കഞ്ചിക്കോട്ടെ ഒരു പ്ലാന്റുമാത്രമാണ്. മറ്റൊന്നും തന്നെയില്ല. അതാണ് ഇപ്പോൾ 27 മെഗാവാട്ട്, ഇവിടെ രാമക്കൽമേടും അതുപോലെതന്നെ പാലക്കാടിന്റെ ചില പ്രദേശങ്ങളിലും ഇടുക്കിയുടെ ചില ഭാഗങ്ങളിലുമാണ് പ്രധാനമായി ഈ 16 സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുള്ളത്. അവിടങ്ങളിൽ എത്രമാത്രം ചെയ്യാൻ സാധിക്കുമോ അത് ചെയ്യുകയാണ്. ഇതിനുള്ള ഒരു പ്രയാസം, ഇതെല്ലാം സർക്കാർ ഭൂമിയല്ല, സർക്കാരിന്റെ ഭൂമി വളരെ കുറവാണ്. രാമക്കൽമേടിൽ 149 ഹെക്ടർ ഭൂമി മാത്രമെ സർക്കാരിന്റെ ഭൂമിയായിട്ടുള്ളൂ. അവിടെ 80 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നു പറയുന്നത് സ്വകാര്യ സ്ഥലങ്ങൾ കൂടി എടുത്താൽ മാത്രമാണ്. സർവ്വേ നടത്തിയതിൽ ഈ 16 സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തതു മുഴുവൻ സർക്കാർ സ്ഥലങ്ങളല്ല. ആ സ്ഥലം മുഴുവൻ സർക്കാരിന് നൽകാനും സാധിക്കില്ല. അത് സ്വകാര്യ വ്യക്തികളുടെ കൈവശം കിടക്കുകയാണ്. ഇതെല്ലാമാണ് ഇതിനുള്ള പ്രയാസങ്ങൾ. എന്നാലും അങ്ങ് പറഞ്ഞത് വളരെ ശരിയാണ്, നാം തുടങ്ങിയിടത്തുതന്നെ നിൽക്കുന്നു. 4 മെഗാവാട്ട് എന്നുപറഞ്ഞത് 2 മെഗാവാട്ട് ഇന്ന് കഞ്ചിക്കോട്ട് ഉൽപ്പാദിപ്പിക്കുന്നതുൾപ്പെടെയാണ്. അന്ന് തമിഴ്നാട്ടിനും രണ്ട് മെഗാവാട്ടാണ്. ഇപ്പോൾ കേൾക്കുന്നത് തമിഴ്നാട്ടിന്റേത്

LIBRARY ARCHIVES Kerala Legislative Assembly

1500 മെഗാവാട്ടായി എന്നാണ്. അങ്ങു പറയുന്നത് ശരിയാണ്. പക്ഷേ നമുക്ക് പല പ്രതിബന്ധങ്ങളുമുണ്ട്. ആ പ്രതിബന്ധങ്ങളൊക്കെ തരണം ചെയ്ത് മുന്നോട്ടു കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അങ്ങയുടെ പാർട്ടിയടക്കമുള്ള മുൻ ഗവൺമെന്റിനും ഈ പ്രതിബന്ധങ്ങളാണ് ഇതിനു തടസ്സമായി നിന്നത്. അല്ലാതെ അത് ഗവൺമെന്റിന്റേയും മന്ത്രിമാരുടേയുമൊക്കെ കുറ്റംകൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. ടി. തോമസ്:</u> എന്റെ ജില്ലയായ ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിലാണ് കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഏറ്റവും നല്ല സ്ഥലമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളത്. അതിനുള്ള ചില പ്രവർത്തനങ്ങളിൽ നെടുങ്കണ്ടത്തെ സബ്സ്റ്റേഷനുപുറത്ത് കൊടുക്കാതെയുള്ള ചില തടസ്സങ്ങളൊക്കെയായി ഇങ്ങനെ നിൽക്കുകയാണ്. എന്റെ ചോദ്യം ഇടുക്കി ജില്ലയിലെ നിരവധി സ്ഥലങ്ങളിൽ, ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തൊടുപുഴയിൽ ചെപ്പുകുളം, ചീനിക്കുഴി പാറമല റോഡിന്റെ സൈഡിലുള്ള കാറ്റാടിക്കുന്ന്, കുണുഞ്ഞിക്കടുത്തുള്ള കൊടുകുത്തി, അതുപോലെ മീനുളിയാൻപാറ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാധ്യതകളുണ്ട്. അതുകൂടാതെ ഞാൻ പരാമർശിക്കാത്ത നിരവധി സ്ഥലങ്ങൾ ഇടുക്കിയിലുണ്ട്. ഇതിനുവേണ്ടി ഒരു പഠനം നടത്താൻ അനർട്ടിനെ ചുമതലപ്പെടുത്തുമോ, ആ കാര്യം പരിശോധിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> പ്രധാനമായും ഈ സ്ഥലങ്ങളിലൊക്കെയാണ് പഠനം നടത്തിയത്. ഇനി ആ പഠനംകൊണ്ട് പോരായെന്നുണ്ടെങ്കിൽ വീണ്ടും എത്ര പഠനങ്ങൾ നടത്തിക്കാനും ഗവൺമെന്റിന് ഒരു പ്രയാസവുമില്ല. ഇപ്പോൾ എന്റെ ഫയലിൽ കാണുന്നില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം ഈ ഏരിയകളിലെല്ലാം പഠനം നടത്തിയിട്ടുണ്ട്. അത് പോരെന്നുണ്ടെങ്കിൽ ഈ ഏരിയകളിൽ വീണ്ടും പഠനം നടത്താൻ അനർട്ടിനോട് ആവശ്യപ്പെടാം.

<u>ശ്രീ. എ. സി. ഷൺമുഖദാസ്:</u> കേരളത്തിന് ആശ്രയിക്കാവുന്ന ഒന്നായ തിരമാലയിൽ നിന്നുമുള്ള wave energy-യുടെ കാര്യത്തിൽ 600-ഓളം കിലോമീറ്റർ കടലോരമുണ്ട്. ഈ കടലോരങ്ങളെ ആശ്രയിച്ച് ലോകത്തിലെ പല രാജ്യങ്ങളിലും തിരമാലകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തും ഇതുസംബന്ധിച്ച് ഒരു ചെറിയ പഠനം നടന്നിരുന്നു. വൈദ്യുതി ബോർഡ് ഇത് ഗൗരവമായി എടുത്തിട്ടുണ്ടോ? തുറമുഖ വകുപ്പും വൈദ്യുതി വകുപ്പും തമ്മിൽ യോജിച്ചുകൊണ്ട് തിരമാലകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഒരു ഗവേഷണമോ പഠനമോ നടത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: തിരുവനന്തപുരത്തെ വിഴിഞ്ഞം എന്നുപറയുന്ന സ്ഥലത്ത് കുറെമുമ്പ് അത് ആരംഭിച്ചിട്ടുണ്ട്. അത് മാത്രമാണുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യംകൂടി പരിഗണിക്കുന്നുണ്ടെന്നു മാത്രമല്ല, മത്സ്യത്തൊഴിലാളികളെ ഇതുമൂലം വളരെയധികം സഹായിക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ട് ഇതിനു വേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതിയും അനർട്ടിനുണ്ട്. പക്ഷേ കോസ്റ്റ് കുറച്ച് കൂടുമെന്നുള്ളതാണ് വിഴിഞ്ഞത്തുണ്ടായ അനുഭവമെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാലും ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

ശ്രീ. സി. മോയിൻകുട്ടി: മലയോര വൈദ്യുതീകരണം മലയോര കുടിയേറ്റ മേഖലയിലെ ജനങ്ങൾ വളരെ ആവേശത്തോടുകൂടിയാണ് സ്വാഗതം ചെയ്തത്. പക്ഷേ ഇടക്കാലത്ത് ചില പത്രവാർത്തകൾ വന്നു. തൽക്കാലം അത് പരിഗണന യിലില്ലെന്നുള്ളതാണ് ആ പത്രവാർത്തകൾ. നേരത്തേ അങ്ങയുമായി ബന്ധപ്പെട്ടപ്പോൾ പറഞ്ഞത് തീർച്ചയായും അത് നടപ്പാക്കുമെന്നുതന്നെയാണ്. എന്നത്തേയ്ക്ക് ഇത് നടപ്പാക്കാൻ പറ്റുമെന്നുള്ള, ആശങ്കയകറ്റുന്നതിനു വേണ്ടിയുള്ള ഒരു പ്രഖ്യാപനം അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: പല പത്രവാർത്തകളും കണ്ടു. വൈദ്യുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് ചർച്ച ചെയ്ത ദിവസം നിയമസഭയിൽ അതു പറയുകയും ചെയ്തു. എന്നാലും ഞാൻ പറയട്ടെ. അതു മലയോരത്തേയ്ക്കുള്ള ഒരു പദ്ധതിയാണ്. കേരളത്തിലെ എല്ലാ മലയോര ജില്ലകൾക്കുമുള്ളതാണ്. കോഴിക്കോടിനെ ഒഴിവാക്കി എന്നത് ചില തൽപ്പരകക്ഷിക്കാർ സ്വാർത്ഥലാഭത്തിനുവേണ്ടി നടത്തുന്ന പ്രചരണം മാത്രമാണ്. ഒരു ജില്ലയേയും ഒഴിവാക്കിയിട്ടില്ല. അത്തരത്തിലുള്ള പ്രചരണങ്ങൾ നടത്തുന്നതുകൊണ്ട് അവർക്ക് വലിയ ഗുണമുണ്ടാകുമെന്നു തോന്നുന്നില്ല. 343 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രിയും ഞാനും നമ്മുടെ പവർ സെക്രട്ടറിയും കെ.എസ്.ഇ.ബി. ചെയർമാനും കേന്ദ്രത്തിലെ പവർ സെക്രട്ടറിയും എൻ.ടി.പി.സി.-യുടെ എം.ഡി.-യും ആർ.ഇ.സി.-യുടെ എം.ഡി.-യും അടക്കമുള്ളവർ അവിടത്തെ ജോയിന്റ് സെക്രട്ടറിമാരും അഡീഷണൽ സെക്രട്ടറിമാരും കൂടിയുള്ള ഒരു കോൺഫറൻസിൽ ഇതിനെ സംബന്ധിച്ച് ഒരു തീരുമാനം എടുത്തു. ഒരു ലക്ഷം ഗ്രാമങ്ങളിൽ ഒരു കോടി രൂപയുടെ വൈദ്യുതവൽക്കരണ പദ്ധതി എന്ന് പറഞ്ഞ് ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയിൽ ഇലക്ട്രിഫൈ ചെയ്യാത്ത റവന്യൂ ജില്ലകൾ എന്ന കണക്കിൽ കേരളം വരില്ല. അതുകൊണ്ട് ഇതു അംഗീകരിക്കാൻ കഴിയില്ല എന്നു പറഞ്ഞു ഞാൻ ഒരു വാദം വച്ചു. കേരളത്തിൽ എന്റെ വില്ലേജിൽ തന്നെ 42,000 ജനസംഖ്യയാണുള്ളത്. അതുകൊണ്ട് ജനസംഖ്യയുള്ള സ്ഥലങ്ങളെ hamlets ആയി കണക്കാക്കി ആ സ്ഥലങ്ങൾ ഉൾപ്പെടുത്തണമെന്നു പറഞ്ഞത് ന്യായമാണെന്നു കേന്ദ്രമന്ത്രി ശ്രീ. സെയ്ത് കോൺഫറൻസിൽ പറയുകയും അത് കോൺഫറൻസ് അംഗീകരിക്കുകയും ചെയ്തു. അങ്ങനെ കേരളത്തിൽ 2700 hamlets-കൾ ഉണ്ട്, ഇലക്ട്രിഫൈ

ചെയ്യാത്തതായി അതിൽ മലയോരവും കടലോരവുമുണ്ട്. അല്ലാത്ത സ്ഥലങ്ങളുമുണ്ട്. ആ സ്ഥലങ്ങളിൽ ഇലക്ട്രിഫൈ ചെയ്യാൻ വേണ്ടിയാണ് 343 കോടി രൂപയുടെ പദ്ധതി നൽകിയത്. അതിനു ഇവർ ചില ഡീറ്റെയിൽസ് ചോദിച്ചു. അതു കൊടുത്തു. ഇപ്പോൾ ആർ.ഇ.സി.-യുടെ ആളുകൾ തന്നെ ബാക്കിയുള്ള ഡീറ്റെയിൽസ് കളക്ടു ചെയ്തുകൊണ്ടിരിക്കുകയാണ്. ആ പദ്ധതി പോകില്ല. ആ പദ്ധതി എന്തായാലും നൽകും എന്നാണ് കേന്ദ്രമന്ത്രി എന്നോടു പറഞ്ഞിട്ടുള്ളത്. പിന്നെ ആരോടാണ് ഇതു പറഞ്ഞതെന്ന് എനിക്കറിയില്ല. ബോധപൂർവ്വം പ്രചരണം നടത്തുന്ന ചില ആളുകളുണ്ട്. അത്തരക്കാരിൽ ചിലർ കോഴിക്കോട് ഒഴിവാക്കി എന്ന് പത്രത്തിൽ കൊടുത്തു. അതു കഴിഞ്ഞാൽ അവർ വേറെ ചിലതു പറയും അതുകൊണ്ട് കാര്യമില്ല. ഈ പദ്ധതി ലഭിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകികൊണ്ട്, ശ്രീ. മത്തായി ചാക്കോ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതുപോലെ, ഈ പദ്ധതി കിട്ടിയാൽ നടപ്പാക്കുമെന്ന് ഞാൻ അറിയിക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പ്രധാന പ്രോജക്ടായി രാമക്കൽമേട് പലരും ഇവിടെ ചൂണ്ടിക്കാണിക്കുകയും പറയുകയും ചെയ്തതാണ്. രാമക്കൽമേടിന്റെ ടെൻഡർ കഴിഞ്ഞുവെന്നും രണ്ടു കമ്പനികളെ ഇതിനുവേണ്ടി ഇപ്പോൾ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ടെന്നും അങ്ങു പറഞ്ഞു. ആ കമ്പനികളുടെ പേരു വെളിപ്പെടുത്താൻ കഴിയുമോ? ഈ കമ്പനികളിൽ ഏതെങ്കിലും കേരളത്തിലെ സ്വകാര്യ നിക്ഷേപകർക്ക് പങ്കാളിത്തമുള്ളതാണോ എന്നു വെളിപ്പെടുത്താമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതിൽ ഏതെങ്കിലും കേരളത്തിലെ സ്വകാര്യ വ്യക്തികൾക്ക് പങ്കുള്ളതാണോ എന്ന് എനിക്കറിയില്ല. പക്ഷേ കമ്പനികളുടെ പേരു ഞാൻ പറയാം. 1. Industrial Electro Cements (Pvt.) Limited 2. Carborandum Universal Limited 3. Suzlon Energy Limited 4. N.E.G. Micon India (Pvt.) Limited. ഈ നാലു കമ്പനികളാണ്. അതിൽ അവസാനത്തെ രണ്ടു കമ്പനികളെയാണ് ഷോർട്ട് ലിസ്റ്റ് ചെയ്തത്. 1. Suzlon Energy Limited 2. N.E.G. Micon India (Pvt.) Limited ഈ രണ്ടു കമ്പനികളാണ്. എന്റെ അറിവിൽ കേരളത്തിലെ ആർക്കും ഷെയർ ഉള്ള സ്ഥാപനങ്ങളല്ല എന്നാണ്. അത് പൂർണ്ണമായും ശരിയാണെന്നു ഞാൻ പറയുന്നില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: കാട്ടിൽ പോയി വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം കഴിക്കുന്ന ആദിവാസികളെ സംബന്ധിച്ചിടത്തോളം കാടാറുമാസം നാടാറുമാസം എന്ന ചൊല്ല് തീർത്തും അന്വർത്ഥമാണ്. അവർക്ക് സോളാർ എനർജി കൊണ്ടു പ്രവർത്തിക്കുന്ന വിളക്കുകൾ ലഭ്യമാക്കുമ്പോൾ, നിസ്സാരങ്ങളാണെങ്കിലും ദിവസേന അനുഷ്ഠിക്കേണ്ടുന്ന ചില ഏർപ്പാടുകൾക്ക് നിർവ്വാഹ

LIBRARY ARCHIVES Kerala Legislative Assembly

മില്ലാതെ പോകുന്നതുകൊണ്ട് ഈ വിളക്കുകൾ അവരെ സംബന്ധിച്ചിടത്തോളം അനാവശ്യ വസ്തുക്കളായി പരിഗണിക്കാറുണ്ട്. അതിനൊരു പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി എന്തെങ്കിലും ഗവേഷണം നടത്തിയോ മറ്റോ ഉള്ള നീക്കു പോക്കുകൾ ഉണ്ടാക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതു അനാവശ്യമായി പോകുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ചില സ്ഥലങ്ങളിൽ കേടായി കിടക്കുന്നുണ്ട്. പ്രത്യേകിച്ച് ആദിവാസി മേഖലയിലൊക്കെയാകുമ്പോൾ അവർ യഥാസമയം അനർട്ടിനേയോ മറ്റുള്ളവരേയോ വിവരം അറിയിക്കാത്തതുകൊണ്ടും മറ്റും കുറച്ചുകാലം ഇതു ഉപയോഗിക്കാൻ കഴിയാതെ കിടക്കുന്നുണ്ട്. ഇതു അനർട്ടിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഉടനെ തന്നെ ശരിപ്പെടുത്തിക്കൊടുക്കുന്നുണ്ട്. ഏതായാലും ഇതു അനാവശ്യമല്ല, ആവശ്യമുള്ളതു തന്നെയാണ്. അതുപോലെയുള്ള ചില തടസ്സങ്ങൾ ഒരുപക്ഷേ ഉണ്ടായേക്കാം. അതാണ് ബഹുമാനപ്പെട്ട മെമ്പർ ഇതു പറയാൻ കാരണമെന്നു തോന്നുന്നു. അത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായിട്ടുള്ള നടപടികളും ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. വി. കെ. സി. മമ്മത് കോയ: ഇന്നു ജൈവമാലിന്യം വലിയൊരു ബുദ്ധിമുട്ടായി തീർന്നിരിക്കുകയാണ്. ജൈവ മാലിന്യങ്ങളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളുണ്ടെന്നു പറഞ്ഞു കേൾക്കാൻ തുടങ്ങിയിട്ടു കുറെ കാലമായി. അതുപോലുള്ള ഏതെങ്കിലും പദ്ധതികൾ സർക്കാർ തയ്യാറാക്കുന്നുണ്ടോ? അങ്ങനെ തയ്യാറാക്കുകയാണെങ്കിൽ കോഴിക്കോട് കോർപ്പറേഷനിൽ, ഞെളിയംപറമ്പിൽ കൊണ്ടുപോയി മാലിന്യങ്ങൾ തള്ളുന്ന ആ ദയനീയാവസ്ഥയ്ക്ക് ഒരു പരിഹാരം ഉണ്ടാക്കുന്നതിനുകൂടി ഉപകരിക്കുന്നതരത്തിൽ കോഴിക്കോട് ഒരു പദ്ധതി നടപ്പാക്കാൻ അങ്ങു തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ചില പഞ്ചായത്തുകൾ, ചില ലോക്കൽ ബോഡീസ് ഒക്കെ ഇതു ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഇതുകൊണ്ട് ഈ മലിനീകരണം തടയാൻ വളരെ സാധിക്കും. ലോക്കൽ ബോഡീസിനു വളരെയധികം സഹായകമായിരിക്കും. ഇതു ഏതെങ്കിലും ലോക്കൽ ബോഡീസ് ചെയ്യുകയാണെങ്കിൽ അതിനു പരമാവധി പ്രോത്സാഹനം നൽകുക, അതിനുള്ള സഹായങ്ങൾ നൽകുക എന്നത് ഗവൺമെന്റിന്റെ ഒരു നയമാണ്. ഇതു ചെയ്യേണ്ടത് ആവശ്യവുമാണ്. ലോക്കൽ ബോഡീസ് മുന്നോട്ടു വന്നാൽ ഗവൺമെന്റ് വേണ്ടതു ചെയ്യാൻ തയ്യാറുമാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: സ്വാഭാവിക ജലസ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളുണ്ട്. പല തടസ്സങ്ങൾ കൊണ്ട് എന്റെ നിയോജകമണ്ഡലത്തിലടക്കം അവ മുടങ്ങിക്കിടക്കുകയാണ്. ഈ സാഹചര്യത്തിൽ വളരെ ചുരുങ്ങിയ വിലയ്ക്ക് സ്ഥലങ്ങൾ ലഭ്യമാക്കുകയും അതോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ കാറ്റ് ധാരാളം ഉണ്ടാകുകയും ചെയ്യുന്ന മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ അട്ടപ്പാടിയിലെ പുതൂർ പഞ്ചായത്തിൽ 1982-ൽ സെസ് ഒരു പഠനം നടത്തിയിരുന്നു. അതോടൊപ്പം തന്നെ ഷോളയൂർ പഞ്ചായത്തിൽ കോട്ടത്തറയിലും ഒരു പഠനം നടത്തിയിരുന്നു. ഈ പദ്ധതി പിന്നീട് പുനർജനിച്ചിട്ടില്ല. ഇക്കാര്യം കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഈ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഒരു മാസത്തിനു മുമ്പ് ഞാൻ പാലക്കാടു പോയ അവസരത്തിൽ ഇതിനെക്കുറിച്ച് ഞാൻ പ്രത്യേകമായി ചില വിവരങ്ങൾ ശേഖരിക്കുകയും അതിനുശേഷം അനർട്ടിന്റെ ഡയറക്ടറും ഒരു ടീമും അവിടെ പോയി ഒരു സർവ്വേ നടത്തുകയും ചെയ്തു. അങ്ങു പറഞ്ഞതുപോലെ അവിടെയൊരു ആദിവാസി സൊസൈറ്റിയുണ്ട്. ആ സൊസൈറ്റിയുടെ കൈവശമുള്ള മുഴുവൻ സ്ഥലവും ഇതിനു ഉപയോഗിക്കാൻ കഴിയുന്നതാണ്. അതുപോലെ വേറെയും ചില ഏരിയകൾ ഉണ്ടെന്നു കണ്ടെത്തി അതിന്റെ റിപ്പോർട്ട് അദ്ദേഹം എനിക്കു നൽകിയിട്ടുണ്ട്. ഇനി എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ കഴിയുമെന്ന് നോക്കിക്കൊണ്ടിരിക്കുകയാണ്. അത് ഏറ്റവും നല്ല സ്ഥലമാണ്. ഞാൻ നേരത്തെ പറഞ്ഞ 16 സ്ഥലങ്ങളിൽ ഒരു സ്ഥലമാണ് അങ്ങിവിടെ ചൂണ്ടിക്കാണിച്ച സ്ഥലം.

<u>ശ്രീ. പി. നാരായണൻ:</u> ചെറുകിട വൈദ്യുത ഉൽപ്പാദന രംഗത്ത് ഏതെങ്കിലും തൃതല പഞ്ചായത്തുകൾ മുന്നോട്ടു വന്നാൽ, ആ തൃതല പഞ്ചായത്തുകളിൽ സമയബന്ധിതമായി വൈദ്യുതി ലഭിക്കുന്നതിനു സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതിനു മുൻകൈ എടുക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> തീർച്ചയായും ഗവൺമെന്റ് തയ്യാറാകും. അതിനുള്ള സഹായങ്ങൾ നൽകുകയും ചെയ്യും. നമ്മുടെ സംസ്ഥാനത്ത് ഇലക്ട്രിഫൈ ചെയ്യാത്ത ഒരു പഞ്ചായത്തുണ്ട്. ഇടുക്കി ജില്ലയിലെ മാങ്കുളം പഞ്ചായത്തിൽ ഒരു വീടു പോലും ഇലക്ട്രിഫൈ ചെയ്തിട്ടില്ല. അവിടെ ഇതുപോലുള്ള ഒരു മിനി ഹൈഡൽ സ്കീം ആ പഞ്ചായത്തിൽ ഉണ്ടാക്കുകയും 80 ലക്ഷത്തോളം രൂപ ആ പഞ്ചായത്തിനുവേണ്ടി ചെലവിടുകയും ഗവൺമെന്റിന്റെ കീഴിലുള്ള എനർജി മാനേജുമെന്റ് സെന്ററും എല്ലാംകൂടി സഹകരിച്ച് ഇപ്പോൾ 150-ഓളം വീടുകൾക്ക് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നുണ്ട്. അതു സ്വയം ആ പഞ്ചായത്തു ചെയ്തതാണ്. അന്നാണ് എന്റെ അറിവിൽ കേരളത്തിൽ ഒരു പഞ്ചായത്ത് ഇതുവരെ ഇലക്ട്രിഫൈ ചെയ്യാതിരിക്കുന്നു എന്നു മനസ്സിലായത്. ആ പഞ്ചായത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്താൻ ബോർഡിനു നിർദ്ദേശം നൽകി. അതിന്റെ പ്രവർത്തനം ബോർഡ് തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുവാൻ 16 സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്തുവെന്നും അതിൽ രാമക്കൽമേട് ടെൻഡർ ചെയ്തുവെന്നും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. രാമക്കൽമേട് ടെൻഡർ ചെയ്ത് എത്ര കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനാണ് കരാർ ഉറപ്പിച്ചിരിക്കുന്നത്? എത്ര മെഗാവാട്ട് വൈദ്യുതിയാണ് രാമക്കൽമേട്ടിൽനിന്നും ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്? 16 സ്ഥലങ്ങളിൽ ബാക്കി 15 സ്ഥലങ്ങളിൽ ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ ടെൻഡർ നടപടി പൂർത്തിയാക്കി പണി ആരംഭിക്കാൻ കഴിയുമോ എന്നുള്ള കാര്യം വെളിപ്പെടുത്തുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: രാമക്കൽമേടിനെ സംബന്ധിച്ചിടത്തോളം ഇവർ പറഞ്ഞിട്ടുള്ള 25 മെഗാവാട്ടും Anert-ന്റെ Demonstration Plant ആയ അനർട്ടിന്റെ കീഴിലുള്ള രണ്ട് മെഗാവാട്ടും അങ്ങനെ 27 മെഗാവാട്ടാണ് ഉദ്ദേശിക്കുന്നത്. പക്ഷേ ഈ 27 മെഗാവാട്ട്, ഇന്നു നമ്മുടെ കൈവശമുള്ള 149 ഹെക്ടറിൽ നിന്നും പൂർണ്ണമായും ഉൽപ്പാദിപ്പിക്കാൻ കഴിയില്ല. അതിനു ചുറ്റുമുള്ള ചില പ്രൈവറ്റ് സ്ഥലങ്ങൾ കൂടി വാങ്ങിയാൽ മാത്രമേ ഇതു സാധിക്കുകയുള്ളൂ. ലേറ്റസ്റ്റ് റിപ്പോർട്ട് അനുസരിച്ച് 15/16 മെഗാവാട്ടിൽ കൂടുതൽ നമ്മുടെ കൈവശമുള്ള 149 ഹെക്ടറിൽ നിന്നും ഉണ്ടാക്കാൻ കഴിയില്ല. ഒരു വിൻഡ് മില്ലിനുവേണ്ടി ഏകദേശം ഒരു ഹെക്ടർ സ്ഥലം വേണം. അതിനുള്ള പ്രയാസങ്ങളുണ്ട്. സ്ഥലത്തിന്റെ പരിമിതി ഒരു പ്രശ്നമാണ്. ടെൻഡർ കഴിഞ്ഞു. ഏറ്റവും ചുരുങ്ങിയ വിലയ്ക്ക് ഇലക്ട്രിസിറ്റി ബോർഡിന് ആരാണോ എനർജി തരാൻ കോട്ടു ചെയ്യുന്നത് ആ കമ്പനിക്കായിരിക്കും അതു നൽകുക. അതു നൽകുമ്പോഴാണ് എഗ്രിമെന്റുണ്ടാക്കുക. ഇപ്പോൾ എഗ്രിമെന്റായിട്ടില്ല. കമ്പനിയെ തീരുമാനിച്ചു കഴിഞ്ഞാൽ എഗ്രിമെന്റ് വയ്ക്കും. ഗവൺമെന്റിന്റെ ആഗ്രഹവും ഉദ്ദേശവും ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പു തന്നെ അതു കമ്മീഷൻ ചെയ്യണമെന്നാണ്. അതിനുള്ള നടപടികളാണ് എടുത്തുവരുന്നത്. ബാക്കിയുള്ള സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം, ബഹുഭൂരിപക്ഷവും വരുന്നത് പ്രൈവറ്റായിട്ടാണ്. അതിനുവേണ്ടി ഏതു വ്യക്തി വന്നാലും ഏതു കമ്പനികൾ വന്നാലും അവരെ പ്രോൽഹിപ്പിക്കുവാനും ഞാൻ നേരത്തെ ഉത്തരത്തിൽ ചൂണ്ടിക്കാണിച്ചതുപോലെയുള്ള സഹായങ്ങൾ ചെയ്തു കൊടുക്കാനും ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതികൊണ്ട് ഏറെ ഗുണഫലങ്ങൾ അനുഭവിക്കുന്നത് മലയോര മേഖലയിലും ആദിവാസി മേഖലയിലും ഒക്കെയുള്ള ആളുകളാണ്. പക്ഷേ ഇങ്ങനെ ഉണ്ടാക്കിക്കൊടുക്കുന്ന അനർട്ടിന്റെ പദ്ധതികൾ, അത് കാര്യമായി മെയിന്റെയിൻ ചെയ്യാനോ സംരക്ഷിക്കാനോ ഇന്ന് ഒരു സംവിധാനവുമില്ല. ഒപ്പം അനർട്ടിന്റെ ആഫീസുകളുടെ എണ്ണം ചുരുക്കുകയും മെയിന്റനൻസ് സൗകര്യങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്യുന്ന ഒരു പൊതുസ്ഥിതി വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനർട്ടിന്റെ ആഫീസുകളുടെ എണ്ണം ചുരുക്കാതിരിക്കാനും അതുപോലെ തന്നെ അതിന്റെ ഗുണഫലങ്ങൾ കൂടുതലായി ഇത്തരം മേഖലകളിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരു ജില്ലയിൽ ഒരു ആഫീസ് ആക്കി. ചില മുക്കിലും മൂലയിലും ഓരോ ആഫീസ്, അത് ബാക്കി ഏരിയ കവർ ചെയ്യില്ലായിരുന്നു. ഇപ്പോഴത്തെ സിസ്റ്റംകൊണ്ട് കേരളം മുഴുവൻ കവർ ചെയ്തിരിക്കുന്നു. ഇപ്പോൾ അത് ജില്ലാതലത്തിലാക്കി മാറ്റി. ജില്ലാ അടിസ്ഥാനത്തിൽ ആയതു കൊണ്ട് ആ ജില്ല മുഴുവനും കവർ ചെയ്യുന്ന സ്ഥിതി വന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ കുറെ സത്യം ഉണ്ട്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറുടെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് അതാണ്. ചില സ്ഥലങ്ങളിൽ യഥാസമയം വിവരം കിട്ടാത്തതുകൊണ്ടും സ്റ്റാഫിന്റെ കുറവു കൊണ്ടും യഥാസമയം റിപ്പയറോ മെയിന്റനൻസോ ചെയ്തു കൊടുക്കാൻ കഴിയാതെ വരുന്നത് ഗവൺമെന്റിന്റെ ദൃഷ്ടിയിൽ വന്നിട്ടുണ്ട്. ആ കാര്യം പരിഗണിക്കാൻ ഗവൺമെന്റ് നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വർക്കല കഹാർ: ഖരമാലിന്യ സംസ്ക്കരണം സംസ്ഥാനത്ത് വലിയ പ്രശ്നമാണ്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നേരിടേണ്ടി വരുന്ന പ്രയാസങ്ങൾക്ക് യാതൊരു കണക്കുമില്ല. ഈ ഖരമാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; അതിനുവേണ്ടി എന്തെങ്കിലും ഗവേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇത് പരിഹരിച്ചിട്ടുണ്ട്. ഇതിന് പ്രത്യേക ഗവേഷണത്തിന്റെ ആവശ്യമില്ല. അതിന്റെ എല്ലാ ഡീറ്റെയിൽസും അനർട്ടിന്റെ കയ്യിലിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവന്നാൽ അതിനുള്ള എല്ലാ സഹായങ്ങളും ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എം. വി. ജയരാജൻ: അനർട്ട്, എനർജി മാനേജുമെന്റ് സെന്റർ ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് പൊതുമേഖലയിൽ പാരമ്പര്യേതര മേഖലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ വേണ്ടിയാണ് നിരവധി പ്രവർത്തനങ്ങൾ ഗവേഷണം നടത്തുന്നത്. ദൗർഭാഗ്യവശാൽ സർക്കാർ അതിനുവേണ്ടി നൽകിയിട്ടുള്ള രണ്ടു കോടി രൂപ അനർട്ട് പാഴാക്കിക്കളഞ്ഞു. അതുകൊണ്ട് ആ സ്ഥാപനങ്ങൾ എന്തു ലക്ഷ്യത്തിനുവേണ്ടിയാണോ ആരംഭിച്ചത് ആ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയും വിധത്തിൽ അതിന്റെ പ്രവർത്തനങ്ങളെ ഫലപ്രദമാക്കി മാറ്റാൻ സർക്കാർ സന്നദ്ധമാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: അതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കി മാറ്റാനുള്ള ചില നടപടികൾ ഗവൺമെന്റ് എടുത്തുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത് എന്താണെന്നുള്ളത് പരിശോധിക്കാം. അതല്ലാതെതന്നെ കൂടുതൽ ആക്ടീവ് ആക്കാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടുവരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി: കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് എന്റെ മണ്ഡലത്തിലാണ്. ആദ്യത്തെ പവർ സ്റ്റേഷൻ തന്നെ ചിത്രപുരം, ദേവികുളം, പള്ളിവാസൽ പവർഹൗസ് ആണ്. അവിടെ കാലങ്ങളായി അവഗണിക്കപ്പെട്ടിരുന്ന മേഖലയായിരുന്നു. ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് വൈദ്യുതി മന്ത്രിയായശേഷം ഞങ്ങൾക്ക് എല്ലാവർക്കും അഭിമാനം കൊള്ളത്തക്കവിധത്തിൽ കേരളത്തിൽ അവഗണിക്കപ്പെട്ടിരുന്ന മാങ്കുളം പഞ്ചായത്തിൽ കറണ്ട് എത്തിച്ചു. അതിൽ അങ്ങേയ്ക്കും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും ആയിരമായിരം അഭിനന്ദനങ്ങളും നന്ദിയും ഉണ്ട്. എന്റെ ചോദ്യം വിൻഡ് മില്ലിൽനിന്നും കറണ്ട് ഉൽപ്പാദിപ്പിക്കുന്നത് ഇടുക്കി ജില്ലയിൽ നിന്നുതന്നെയാണ്. ഇടുക്കിയിലെ ദേവികുളത്ത് എല്ലാ വിൻഡ് മില്ലുകളും സ്വകാര്യവൽക്കരിക്കാനുള്ള നടപടിയെടുക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ നേരത്തെ പറഞ്ഞിട്ടുള്ള കാര്യമാണ് പാലക്കാടും ഇടുക്കിയിലുമാണ് പദ്ധതികൾക്ക് സാധ്യതയുള്ളത്. ഇടുക്കിയിലാണ് കൂടുതൽ ഉള്ളത്. രാമക്കൽമേട് എന്ന് പറയുന്നതുതന്നെ ഇൻഡ്യയിൽ ഒരുപക്ഷേ ഒന്നാംകിടയിൽ നൽക്കുന്ന സ്ഥലമായിട്ടാണ് കാണാൻ സാധിക്കുന്നത്. ഈ പറഞ്ഞതൊക്കെ കാറ്റുള്ള ഏരിയയാണ്. അവിടെ എത്രമാത്രം ഇത് ചെയ്യാൻ സാധിക്കും എന്ന് പരിശോധിച്ചശേഷം ചെയ്യാൻ കഴിയുന്നത് പരമാവധി ചെയ്യാം.

ശ്രീ. ബിനോയ് വിശ്വം: പാരമ്പര്യേതര ഊർജ്ജത്തിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങൾക്കും ആശ്രയിക്കുന്നത് അനർട്ടിനെ തന്നെയാണ്. അനർട്ടിന്റെ അവസ്ഥയെപ്പറ്റി ഞാൻ വീണ്ടും പറഞ്ഞുപോകുന്നു. കാരണം, എന്റെ മണ്ഡലത്തിൽ പല പ്രദേശങ്ങളിലും അനർട്ട് ആരംഭിച്ച എല്ലാ സംരംഭങ്ങളും പൊളിഞ്ഞുകിടക്കുകയാണ്. വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി ഉണ്ടാക്കുന്നു എന്ന് പറഞ്ഞിട്ട് പദ്ധതി ഒന്നും ഉണ്ടാകുന്നില്ല. അനർട്ട് സ്ഥാപിച്ച വിളക്കുകൾ ഒന്നും കത്തുന്നില്ല. പല സ്ഥലങ്ങളിലും വൈദ്യുതി എത്തുന്നില്ല. ഇതെല്ലാം പരിഗണിച്ചുകൊണ്ട് അനർട്ട് ഇന്ന് ഏർപ്പെട്ടിരിക്കുന്ന ഭരണപരമോ നയപരമോ ആയ പ്രശ്നം എന്താണോ അത് പഠിച്ച് പരിഹരിച്ച് അനർട്ടിന്റെ ലക്ഷ്യം എന്താണോ അത് പൂർത്തീകരിക്കാൻവേണ്ടി എന്താണ് ഗവൺമെന്റ് ചെയ്യാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: അനർട്ടിന്റെ പ്രശ്നം എന്താണെന്ന് പരിശോധിക്കാം. നാദാപുരം മണ്ഡലത്തിൽ എന്തോ ഒരു പ്രശ്നം ഉണ്ട്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മുഖവിലയ്ക്കെടുത്തുകൊണ്ട് പരിശോധിക്കാം. അതിൽ കറക്ട് ചെയ്യേണ്ടത് എന്താണോ അത് ചെയ്യാം.

ശ്രീ. കെ. എ. ചന്ദ്രൻ: പട്ടികവർഗ്ഗ മേഖലയിൽ അനർട്ടിന്റെ വിളക്കുകൾ സപ്ലൈ ചെയ്തതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പറമ്പിക്കുളം ഭാഗത്ത് സപ്ലൈ ചെയ്ത മിക്കവാറും വിളക്കുകൾ ഗുണനിലവാരം ഇല്ലാത്തവയാണ്. കുടിവെള്ളം പമ്പ് ചെയ്യാൻ കൊടുത്ത മോട്ടോറിന് വൈദ്യുതി

ലഭിക്കാതെയുമുണ്ട്. ഒന്നുകിൽ ഗുണനിലവാരത്തിന്റെ കുറവ്, അല്ലെങ്കിൽ ഓവർലോഡ് കൊണ്ട് അത് പ്രയോജനരഹിതമാകുന്നതാണ്. ഏതായാലും പട്ടികവർഗ്ഗ മേഖലയിലേയ്ക്ക് ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തുമ്പോൾ ഗുണനിലവാരം ഉറപ്പ് വരുത്താനും അതിന്റെ പ്രയോജനം ലഭിക്കുന്നതിനും വൈദ്യുതിയുടെ കാര്യത്തിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ; അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഈ പറഞ്ഞത് വളരെ ശരിയാണ്. ഇതുപോലുള്ള മേഖല നിലനിൽക്കുന്നിടത്ത് ഏറ്റവും ഗുണനിലവാരമുള്ളതായിരിക്കണം കൊടുക്കേണ്ടത്. ആദിവാസി മേഖലയിൽ അനർട്ടിന്റെ കീഴിൽത്തന്നെ ഇതുപോലെ 13,000-ത്തിലധികം വീടുകളിൽ കണക്ഷൻ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതിൽ നിന്നും തോന്നുന്നത് ഇതൊക്കെ സമയത്ത് വേണ്ടതുപോലെ നോക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. അനർട്ടിന്റെ ആഫീസുകൾ കുറവാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് പഞ്ചായത്തിൽ ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുമായി ഈ കാര്യങ്ങൾ കൂടുതൽ ഡിസ്ക്കസ് ചെയ്യാം. കെ.എസ്.ഇ.ബി. അല്ല ഇത് ചെയ്യേണ്ടത്. അതാതു സ്ഥലത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയറേയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയോ അതാതു സമയത്തു തന്നെ അറിയിച്ചാൽ അനന്തര നടപടിക്കായി അവർ അനർട്ടിനെ അറിയിക്കും. അനർട്ടിന് ഒരു ആഫീസ് ജില്ലാ തലത്തിലുണ്ട്. പഞ്ചായത്തിന് അവിടേയും അറിയിക്കാം. ആ യോഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പങ്കെടുക്കും. അദ്ദേഹം അനർട്ടിന്റെ ജില്ലാ ആഫീസിൽ അറിയിക്കും. അതിനുവേണ്ടിയുള്ള സംവിധാനം തയ്യാറാക്കാൻ ഗവൺമെന്റ് ഒരുക്കമാണ്.

<u>ശ്രീ. രാജു എബ്രഹാം:</u> കഴിഞ്ഞ നാലുവർഷക്കാലത്തിനിടയിൽ കേവലം 76 മെഗാവാട്ട് വൈദ്യുതി മാത്രമാണ് കേരളത്തിൽ ഉൽപ്പാദിപ്പിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇൻവെസ്റ്റിഗേഷൻ നടപടിവരെ പൂർത്തിയാക്കിയിട്ടുള്ള ചൈനീസ് പദ്ധതിയടക്കം നിരവധി പദ്ധതികളുണ്ട്. ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് കൂടി പൂർത്തിയാക്കിക്കൊണ്ട് ഈ പദ്ധതികൾ ടെൻഡർ ചെയ്ത് കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഇവിടെ ഈ ഗവൺമെന്റ് യാതൊരു താമസവും ഇതിന് വരുത്തിയിട്ടില്ല. ഇതിൽ പലതിനും സെൻട്രൽ ഗവൺമെന്റിന്റെ എൻവയോൺമെന്റ് ക്ലീയറൻസും ഫോറസ്റ്റ് ക്ലീയറൻസും ഇല്ലാതെ കിടക്കുന്നതാണ്. ബാക്കിയുള്ള പദ്ധതികളൊക്കെ വളരെ സ്പീഡിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിൽ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ് 163 മെഗാവാട്ടുള്ള അതിരപ്പിള്ളി പദ്ധതി. അതിന്റെ ക്ലീയറൻസിന്റെ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർക്കും ബാക്കിയുള്ള എല്ലാവർക്കും ഈ സഭയ്ക്കും അറിയാവുന്നതാണ്. അതുപോലെ പല പദ്ധതികളും ഉണ്ട്. എന്നാലും ഞാൻ ഒരു കാര്യം പറയുന്നു. ഇതിൽ 31 പദ്ധതികൾ ഈ പത്താം പദ്ധതിയുടെ കാലത്തുതന്നെ ഇവിടെ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുകഴിഞ്ഞു. അത് 179 മെഗാവാട്ടോളം വരും. അത് ഈ പത്താം പദ്ധതിയുടെ കാലത്തു തന്നെ പൂർത്തീകരിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള നടപടികളും എടുത്തുകഴിഞ്ഞു. പള്ളിവാസൽ പദ്ധതിയുടെ കാര്യം അന്ന് ശ്രീ. മത്തായി ചാക്കോ തന്നെ ഡിമാന്റിന്റെ ചർച്ചാവേളയിൽ ഇവിടെ പറഞ്ഞു. അത് ടെൻഡർ ചെയ്തുകഴിഞ്ഞു, ഗ്ലോബൽ ടെൻഡറാണ്. ചിലരൊക്കെ നെഗോസിയേഷനു വന്നിരുന്നു, എസ്.എൻ.സി. ലാവലിനെ പോലുള്ള ആളുകൾ. അതിനു ഞങ്ങൾ നിന്നില്ല. ഞങ്ങൾ അത് ഇന്റർനാഷണലായി തന്നെയുള്ള മാഗസിനിൽ കൊടുത്തു. അത് ഞങ്ങൾ ടെൻഡർ വിളിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞു ഫൈനലൈസ് ചെയ്യാൻ, ഫൈനലൈസ് ചെയ്യാൻ ടെന്റർ അവർ തന്നു, അതിനുശേഷം പരിശോധിച്ച് ആ സമയപരിധി വച്ചുകൊണ്ടേ ചെയ്യാൻ കഴിയൂ. ശ്രീ. മത്തായി ചാക്കോ അന്ന് ചൂണ്ടിക്കാണിച്ചത് ശരിയായിരുന്നു. അതൊക്കെ വേഗത്തിലാക്കാനുള്ള നടപടികൾ ഞങ്ങൾ എടുത്തിട്ടുണ്ട്. ആ വിവരം മാത്രം അദ്ദേഹത്തിൽനിന്ന് അറിഞ്ഞില്ല. അതുതന്നെയാണ് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പറും ആവർത്തിച്ചത്. അതുകൊണ്ടാണ് ചാക്കോയുടെ പേര് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക സർവ്വകലാശാലാ ഗവേഷണങ്ങളും ഉൽപ്പാദന വർദ്ധനവും

*2 [562] ശ്രീ. വി. ജെ. പൗലോസ്:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എം. എം. ഹസ്സൻ:
" ജോർജ് ജെ. മാത്യു:
" എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നമ്മുടെ കാർഷിക സർവ്വകലാശാല എന്തെല്ലാം ഗവേഷണങ്ങളാണ് നടത്തിവരുന്നത്;

(ബി) ഈ ഗവേഷണങ്ങളുടെ ഫലം കർഷകരിൽ എത്തിക്കുന്നതെ പ്രകാരമാണ്;

(സി) 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുതകുന്ന എന്തെല്ലാം കണ്ടുപിടിത്തങ്ങൾ കാർഷിക സർവ്വകലാശാല നടത്തിയിട്ടുണ്ട്;

(ഡി) ഈ കണ്ടുപിടിത്തങ്ങൾക്ക് എന്തെല്ലാം വിധത്തിൽ പ്രചാരം നൽകി?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ,

(എ) കാർഷിക സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുന്ന ഭൂരിഭാഗം ഗവേഷണ പദ്ധതികളും ഉൽപ്പാദന വർദ്ധന ലക്ഷ്യമാക്കിയുള്ളതാണ്. പുതിയ ഇനങ്ങളുടെ വികസനം, രോഗ കീടബാധകളിൽനിന്ന് വിളകളെ സംരക്ഷിക്കുന്ന